Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 06 | 2018 ഫെബ്രുവരി 11 | 1193 മകരം 28

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

## ഗുരുവാണി

"ഭക്തി സ്നേഹത്തിന്റെ പൂർണ്ണതയാണ്. ഏതെല്ലാം വിധത്തിൽ അന്യചിന്തകൾ ഉണ്ടായാലും യഥാർത്ഥഭക്തിയെ അതിജീവിച്ചുയരാൻ അതിനു സാധിക്കുകയില്ല. യഥാർത്ഥ ഭക്തിയുടെ സ്വഭാവം തന്റെ ഇഷ്ടദേവതയെയോ ഗുരുവിനെയോ ദൈവമായി കാണുക എന്നതാണ്. "



*ശാന്തിഗിരി കുടുംബയോഗത്തിൽ പങ്കെടുത്തവർ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയോടൊപ്പം*

# ആത്മബന്ധുക്കളുടെ സ്നേഹസംഗമമായി മാറിയ ശാന്തിഗിരി കുടുംബയോഗങ്ങൾ തുടരുന്നു

**എജ്യൂക്കേഷൻ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ശാന്തിഗിരി കുടുംബയോഗങ്ങളിൽ നവതി, ശതാഭിഷേകം, സപ്തതി, ഷഷ്ഠ്യബ്ദപൂർത്തി എന്നിവ പിന്നിട്ട ആത്മബന്ധുക്കളെ ആദരിച്ചു. സർവശ്രീ എം.കെ. ഭാസ്കരൻ, പൊന്നമ്മ, എസ്. ലീലാമ്മ., പി.വി. കമലാദേവി, പി.റ്റി. സുഗതൻ, കെ. ആർ. തങ്കപ്പൻ, കെ. ചെല്ലമ്മ, എ.സി. പത്മാവതി, കെ. അരുന്ധതി, തിരുവെങ്കിടം-അന്നപുഷ്പം, ആർ. സാം, എൻ. ചന്ദ്രൻ പിള്ള, സി. പത്മിനി എന്നിവരെയാണ് ആദരിച്ചത്.

മുഖ്യപ്രഭാഷണം നടത്തിയ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ആദ്യകാലത്ത് ആശ്രമജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ആത്മബന്ധുക്കളുടെ കഷ്ടപ്പാടുകൾ എടുത്തുപറഞ്ഞു.

ഗുരു എന്ന അനന്തമായ ആകാശത്തിന്റെ കീഴിൽ ഏവർക്കും തണൽ നല്കുന്ന വൃക്ഷങ്ങളെപ്പോലെ ആശ്രമ കുടുംബങ്ങൾ നിലകൊള്ളുകയാണെന്ന് സ്വാമി ചൂണ്ടിക്കാട്ടി. പൂത്തു തളിർത്ത ആ വൃക്ഷങ്ങളിലെ ശിഖരങ്ങളാണ് ഇന്നത്തെ ആത്മബന്ധുക്കൾ. നമ്മുടെ കുഞ്ഞുങ്ങളെ ഗുരുവുമായി ബന്ധപ്പെടുത്തുന്ന ഒരു ജീവിതക്രമം സൃഷ്ടിക്കാൻ നാം ശ്രമിക്കണമെന്ന് സ്വാമി പറഞ്ഞു. ഗുരു നമുക്ക് തന്നത് നല്ല കുഞ്ഞുങ്ങളെയാണ്. അവരെ ഗുരുവിന്റേതാക്കി വളർത്താനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. ഇത് നമ്മുടെ സർവപ്രധാനമായ കടമയാണ്.

നമ്മുടെ ആത്മബന്ധുക്കളുടെ വീടുകൾ സന്ദർശിച്ചതിൽ നിന്ന് മനസിലാക്കാൻ കഴിഞ്ഞ ഒരു സംഗതി നമുക്ക് ശാരീരിക അസുഖങ്ങൾ താരതമ്യേന കുറവാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതുകൊണ്ടല്ല മറിച്ച് ഗുരുവിന്റെ തീർത്ഥവും ഭസ്മവും ഗുരുവിന്റെ പങ്കും കഴിക്കുന്നതുകൊണ്ടാണ് നമുക്കീ ആരോഗ്യം കൈവന്നത്. സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ചൂണ്ടിക്കാട്ടി.

ജനനി സുപഥ ജ്ഞാനതപസ്വിനി, ജനനി അഭയ ജ്ഞാനതപസ്വിനി, സ്വാമി മനുചിത് ജ്ഞാനതപസ്വി, ഡോ. സ്വാമി ഭാനുപ്രകാശ ജ്ഞാനതപസ്വി, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ജനനി വിനയ ജ്ഞാനതപസ്വിനി, ഡോ. ജനനി അനുകമ്പ ജ്ഞാനതപസ്വിനി, ജനനി കൃപ ജ്ഞാനതപസ്വിനി, ജനനി മംഗള ജ്ഞാനതപസ്വിനി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി, ജനനി രേണുരൂപ ജ്ഞാനതപസ്വിനി തുടങ്ങിയവരും കുടുംബയോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

### പൂജിതപീഠം സമർപ്പണം സങ്കല്പം

**അഭിവന്ദ്യ ശിഷ്യപൂജിത അറിയിച്ചത്**

ദൈവമേ, ഗുരുവേ അപ്പാ,
എന്റെയീ ദോഷവും
എന്റെ വീടോടെയുള്ള ദോഷവും മാറി
എന്റെ കർമ്മത്തിലുള്ള ദോഷവും മാറി
എന്താണോ എനിക്ക് കിട്ടേണ്ടത് കിട്ടണമേ
ഗുരുവേ അപ്പാ ദൈവമേ പരബ്രഹ്മമേ...

# 'പൂജിതപീഠം സമർപ്പണം' ആഘോഷത്തിന് ഇനി പത്തു നാൾ

**സ്പിരിച്വൽ സോൺ:** പൂജിതപീഠം സമർപ്പണം ആഘോഷവും അർദ്ധവാർഷിക കുംഭമേളയും ഗുരുവിന്റെ ലഘുത്വം സൂക്ഷിച്ചുകൊണ്ട് എത്രയും സമുചിതമായി, ആഘോഷിക്കാൻ തയ്യാറെടുക്കുകയാണ് ആശ്രമത്തിലെ ആത്മബന്ധുക്കൾ. 'എന്റെ എല്ലാ കാര്യങ്ങളും എല്ലാവരേയും അറിയിച്ച് എല്ലാവരും ചേർന്ന് ചെയ്യണം' എന്ന ഗുരുവിന്റെ ആഗ്രഹം അനുസരിച്ച് ഈ ശുഭസന്ദർഭം അതിന്റെ സർവ്വവിധ മഹിമയോടുംകൂടി ലോകമെമ്പാടും ഉള്ള ജനപങ്കാളിത്തത്തോടെയാണ് ആഘോഷിക്കുന്നത്. എല്ലാകാര്യങ്ങളും സ്വന്തമെന്ന നിലയിൽ പങ്കെടുത്ത് ധന്യമാക്കുവാനുള്ള പ്രാർത്ഥനയിലാണ് ഓരോരുത്തരും ചിന്തയും കർമ്മവും സമർപ്പിച്ചിരിക്കുന്നത്.

ഗുരുവിനെ സാക്ഷാത്ക്കരിച്ച ശിഷ്യനിൽകൂടി മാത്രമേ ഒരു മഹാത്മാവിന്റെ കർമ്മം അപചയം കൂടാതെ നിലനിൽക്കുകയുള്ളൂ. ഇന്നോളം വന്ന സകല മഹാത്മാക്കളുടേയും ഉദ്ദേശലക്ഷ്യത്തോളം ആ പരമ്പരകൾ എത്താതിരിക്കാൻ കാരണം ഗുരുവിനെ സ്വജീവിതം കൊണ്ടു സാക്ഷാത്ക്കരിച്ച ഒരു ശിഷ്യനില്ലാതെ പോയതാണ്. എന്നാൽ ശാന്തിഗിരി പരമ്പര വ്യത്യസ്തമാണ്.

'ഈ പരമ്പരയിൽ എക്കാലത്തും ആത്മീയാനുഭൂതിയുള്ള ഒരു ഗുരുവുണ്ടായിരിക്കും' എന്ന ബ്രഹ്മത്തിൽ നിന്നുള്ള അറിയിപ്പിന്റെ അനുഭവസാക്ഷാത്ക്കാരവും ഗുരുനിശ്ചയത്തിന്റെ സഫലീകരണവുമാണ് നമ്മുടെ എല്ലാമായ ഗുരുവിന്റെ ശിഷ്യപൂജിത.

ലോകത്ത് ഇന്നേവരെ ഒരു സ്ത്രീജന്മത്തിനും എത്തിച്ചേരുവാൻ കഴിയാത്തത്ര ഉന്നതിയിലേക്കും പൂർണതയിലേക്കും സ്വന്തം ശിഷ്യയെ ഗുരു എത്തിച്ച സുദിനമാണ് പൂജിതപീഠം സമർപ്പണത്തിനായി ദൈവം നമുക്ക് നല്കിയത്.

ഇടമുറിയാത്ത പ്രാർത്ഥനകളും നന്മനിറഞ്ഞ ചിന്തകളും പഴുതില്ലാത്ത വ്രതാനുഷ്ഠാനവും കൊണ്ട് നമുക്ക് പുണ്യപ്പെടുവാൻ കിട്ടിയ അവസരമാണിത്. ലോകത്ത് ഇതുപോലൊരു ഭാഗ്യം ആർക്കും കിട്ടിയിട്ടില്ല. ദൈവത്തോട് നന്ദിയും കടപ്പാടും സ്നേഹവും അർപ്പിച്ചുകൊണ്ട് ഒരു മനസോടെ ഇതിന്റെ എല്ലാക്കാര്യങ്ങളിലും പങ്കാളികളാകാനാണ് നാം ശ്രമിക്കേണ്ടത്.

ഗുരുചരണം ശരണം
മോഹനം ഒപ്റ്റിക്കൽസ്
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

ബ്രഹ്മനിശ്ചയത്തെ നാം എന്തുപോലെ ആശ്രയിച്ചുപോകണം. ആ കനിവ് നമ്മെ ആശ്ലേഷിച്ചു നില്ക്കുന്ന ഈ അവസരത്തെ എന്തുപോലെ ഉറപ്പുവരുത്തിപ്പോകണം. ഇത് അറിയാനും അറിയിപ്പിക്കാനും കഴിയാത്ത ധർമപാതയിൽ നിൽക്കുകയാണ് നാം.

കലിയുടെ ധർമനീതി എങ്ങനെ, എന്തുപോലെ കൊണ്ടുപോകണമെന്ന് ആർക്കും തിരിച്ചറിവില്ലാത്ത അവസ്ഥയാണ്. കാലങ്ങൾ നാല് കൃത, ത്രേതാ, ദ്വാപര, കലി. ഈ നാലു കാലങ്ങളെയും കണ്ടറിയുന്ന യുഗപുരുഷൻ ആര്? ആ യുഗപുരുഷൻ എന്തുപോലെയിരിക്കും, എന്തുപോലെയിരിക്കണം. നാന്മുഖവൃത്തി എന്ത്? അത് തന്റെ തപോബലത്താൽ കണ്ടറിഞ്ഞ് തിരുത്തി സത്യയുഗത്തിൽ എത്തിക്കുന്ന യുഗപുരുഷന്റെ ധർമമാർഗം വെടിഞ്ഞ് മനുഷ്യൻ വേദാന്തശകലങ്ങളുടെയും പുരാണേതിഹാസങ്ങളുടെയും മന്ത്രതന്ത്രാദികളുടെയും വേലിപ്പടർപ്പിൽപ്പെട്ട് ഉഴലുന്നു. കലിയുടെ കർമസിദ്ധാന്തവും ധർമസിദ്ധാന്തവും അറിയാതെ പണ്ഡിതന്മാരുടെ മൂശയിൽപ്പെട്ടുഴലുന്ന ഈ മനുഷ്യൻ, അറിവുകേടിന്റെ കോമരമാണ്.

കോമരം എന്നു പറയുമ്പോൾ അത് ലോകത്ത് ഒരുപാട് തരത്തിലുണ്ട്. ജാതി, മതം, വർഗം. അത് സൂക്ഷ്മത്തിലും പല തരത്തിലുണ്ട്. അത് എന്റെ ജീവിതാനുഭവം കൊണ്ടെടുത്തുനോക്കിയാൽ എന്നെ നല്ലതാക്കാനും ചീത്തയാക്കാനും അപകടപ്പെടുത്താനുംവരെ നോക്കിയിട്ടുണ്ട്. ദൈവനിശ്ചയമെന്നോണം ഞാൻ അതിനെയൊക്കെ തരണം ചെയ്ത് പൂർത്തീകരണ സ്വഭാവത്തിൽ എത്തി.

പൂർത്തീകരണസ്വഭാവം എന്നുപറഞ്ഞാൽ അനവധി അവസ്ഥാന്തരങ്ങളിൽപ്പെട്ട ഈ സൂക്ഷ്മശക്തികളെയെല്ലാം കടന്നുപോയി. പൂർത്തീകരണ സമയത്ത് ഇവിടെ ദർശനത്തിൽ നോക്കി എല്ലാം ചെയ്യുന്ന കുട്ടികളോട് ശ്രീകൃഷ്ണൻ വന്നുനിന്നു പറഞ്ഞു, 'ആദ്യം എന്നെ പിടിച്ചു ചെയ്യുക. പിന്നെ നിങ്ങളുടെ ഗുരുവിനെ പിടിച്ചു ചെയ്യുക." അങ്ങനെ ചെയ്തു. അതു ഫലിച്ചു.

എന്റെ ജീവിതം ത്യാഗപൂർണവും എന്നാൽ ആ ബ്രഹ്മനിശ്ചയത്തെ ലവലേശം വിടാതെയും സൂക്ഷിച്ച് അനുസരിച്ച് പാലിച്ച് പോന്നിട്ടുണ്ട്. സമുദ്രജലപ്രവാഹം പോലെയുള്ള ദർശനപ്രവാഹത്തിന്റെ മുകളും താഴെയും എങ്ങനെ കണ്ട് തിരിച്ചറിയും? അനുഭവംകൊണ്ട് തിരിച്ചറിയും എന്നുള്ള അറിവ് ആർക്കുമില്ല.

സമുദ്രത്തിലെ ഒരു പ്രാണിയുടെ മുട്ട (അണ്ഡം) മുതൽ എന്തെല്ലാം നിറഭേദങ്ങളും വർഗഭേദങ്ങളുമുണ്ടോ, ചെറിയ പുഴ, നദി, സമുദ്രം, കടൽ എന്നിങ്ങനെ എന്തെല്ലാം ലോകത്തുണ്ടോ, അതിനെയെല്ലാം ഒന്നൊന്നായി ചുരുങ്ങിയ ഒരു ജീവിതകാലം കൊണ്ട് തിരിച്ചെടുത്ത് അറിയാൻ നോക്കുന്ന മനുഷ്യന്റെ വിഡ്ഢിത്തം പോലെയാണ്, ഏതെല്ലാം അവസ്ഥകളിലും ഭാവനകളിലും ആകൃതിയിലും ഗുണവിശേഷങ്ങളിലുമാണ് ഭൂമിയിൽ ഒരു പുല്ലു തന്നെ വരുന്നത് എന്ന് ആർക്കും ചിന്തിക്കാൻ കഴിയാത്ത അവസ്ഥ. ഇതെല്ലാം ദൈവത്തിന്റെ മഹിമ മാത്രമാണ്.

അതുപോലെ സൂക്ഷ്മരൂപികൾ സൂക്ഷ്മത്തിൽ നിന്നുകൊണ്ട് എന്തെല്ലാം ചെയ്യുന്നുവെന്ന് ആർക്കും ഊഹിക്കാൻ പോലും സാധിക്കുകയില്ല. അന്തര്യാമികളായിരിക്കുന്ന സൂക്ഷ്മരൂപികളുടെ പല തലങ്ങളും ഈ മനുഷ്യൻ കടന്നുപോയി, ഈശ്വരനിദാനം, ദൈവനിദാനം, ബ്രഹ്മനിദാനം കടന്ന് മുക്തിക്ക് വഴി തേടണം. ഈ തരത്തിലുള്ള കർമനിദാനവും ധർമനിദാനവും ആണ് ശാന്തിഗിരിയുടെ ലക്ഷ്യവും പ്രാപ്തിയും. ആ തരത്തിലുള്ള ബ്രഹ്മത്തിന്റെ കനിവിനാൽ ശാന്തിഗിരി എന്നുമെന്നും സത്യസാക്ഷാത്കാരമായി നിലനില്ക്കും.

## വചനദീപ്തി

**"ദു:ഖപൂർണ്ണമായ സംസാരസാഗരം തരണം ചെയ്യാൻ ബ്രഹ്മജ്ഞാനിയുടെ പാദങ്ങളിൽ മുറുകെ പിടിച്ചുകൊള്ളുക."**

**തിരുവള്ളുവർ**

### സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

2018 ഫെബ്രുവരി 16 – ജനസേവികപുരം

2018 ഫെബ്രുവരി 17 – പോത്തൻകോട്

### യാമപ്രാർത്ഥന

2018 ഫെബ്രുവരി 15 വ്യാഴം

### കന്യാകുമാരി തീർത്ഥയാത്രാ വാർഷികം

2018 ഫെബ്രുവരി 13 ബുധനാഴ്ച

## പ്രകാശപഥം

# കുട്ടികളെ എങ്ങനെ വളർത്തും?

ഒരു വാളിന്റെ മുനയിൽ കൂടി നടക്കുന്നതു പോലെയാണ് ഒരാ ശ്രമജീവിതത്തിൽ നടക്കേണ്ടത്. അതാണ് തീ എന്നു പറയുന്നത്. ഭദ്രകാളി എന്നു നമ്മൾ പറയും. ഭദ്രം കാളുന്ന പോലെ തന്നെ ബ്രഹ്മചര്യം സൂക്ഷിച്ചുപോയ ഒരു സ്ത്രീയുടെ സ്വഭാവത്തിൽ വേണം നാം ഇവിടെ നില്ക്കേണ്ടത്. അതുപോലെ തന്നെയാകണം പുരുഷന്റെ ഭാവവും. കാരണം ബ്രഹ്മചര്യം എന്നു പറഞ്ഞാൽ നിങ്ങൾ ഉദ്ദേശിക്കുന്ന ബ്രഹ്മചര്യമല്ല, ഗുരു ഉദ്ദേശിക്കുന്ന ബ്രഹ്മചര്യം. നിങ്ങൾ ഒന്നു ചിന്തിച്ചു നോക്കുക. നിങ്ങൾ കുട്ടികളെ എങ്ങനെ വളർത്തും?

ഞാൻ ആദ്യം ഇവിടെ വരുമ്പോൾ രാത്രിയിൽ ഞാനും കുഞ്ഞച്ചണ്ണനും പിന്നെ വേറെയാരോ കൂടെ ഉണ്ട്. അന്ന് പർണശാലയിൽ അശോകമരം നില്ക്കുന്നതിനടുത്ത് കുറച്ച് പച്ചയോല മെടഞ്ഞിട്ട് ഗുരു തന്നെ അത് പ്രാർത്ഥനാലയത്തിന്റെ തിണ്ണയിലിട്ടു. ഞങ്ങൾ മൂന്നുപേരും അവിടെയാണ് കിടന്നത്. പിറ്റേന്നു രാവിലെ അഞ്ചു മണിയുടെ ആരാധനയ്ക്ക് ഞാൻ പോയില്ല. കാരണം രാത്രിയാണ് വന്നത്. കിണർ എവിടെയാണെന്ന് എനിക്കറിയില്ല. വെള്ളം കോരാനും എനിക്ക് സാധിക്കില്ല. രാവിലെ ആരോ വെള്ളം ഒഴിച്ചു തന്നു. ആറിന്റെ ആരാധന കഴിഞ്ഞിട്ട് ഗുരു വേലിയിൽ നിന്നും ചെമ്പരത്തിയുടെ കമ്പെടുത്ത് എന്നെ അടിക്കുകയാണ്. നിങ്ങളെപ്പോലുള്ള രക്ഷകർത്താക്കളാണെങ്കിൽ ഇതെങ്ങനെ സഹിക്കും. ഗുരുവിനോട് ചോദിക്കും: "എന്റെ കൊച്ചിന് എന്ത് ചെയ്യണമെന്നറിയാമോ" എന്ന്. മറിച്ച് അവന്റെ ജീവനിലിരിക്കുന്ന തെറ്റിനെ തിരുത്താൻ നിങ്ങൾ ശ്രമിക്കുമോ?

അങ്ങനെ നിത്യജീവിതത്തിലെ ഓരോ അനുഭവങ്ങളെപ്പറ്റിയും ചിന്തിക്കൂ.

(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# എല്ലാ അടിമത്തത്തിൽ നിന്നും മോചനം നല്കുന്നതാവണം ഭക്തി



എത്രയെങ്കിലും വർഷമായി എണ്ണയാട്ടുന്ന ചക്കിൽ കെട്ടിയിട്ടിരുന്ന കാള. അതിനാകെ അറിയാവുന്നത് ചക്കിൽ ഇണക്കിയിരിക്കുന്ന നുകവും കഴുത്തിൽ ചുമന്ന് ചക്കിനെ വലംവയ്ക്കുക എന്ന കർമ്മം മാത്രം. പെട്ടെന്നൊരു സുപ്രഭാതത്തിൽ അതിനെ ചക്കിന്റെ നുകത്തിൽ നിന്നും അഴിച്ചുമാറ്റി നിലം ഉഴാനായി കലപ്പയുമായി ഇണക്കിക്കെട്ടുന്നു എന്നു വിചാരിക്കുക. കർഷകൻ കാളയ്ക്ക് ഏതെല്ലാം ഭാവത്തിൽ നിർദേശം കൊടുത്താലും ഒരു നിശ്ചിതവട്ടത്തിൽ കറങ്ങിക്കൊണ്ടിരിക്കാനല്ലാതെ നേരെ മുന്നോട്ടു നടക്കാൻ ആ പാവപ്പെട്ട ജന്തുവിന് കഴിയില്ല. അതിന്റെ കുറ്റമല്ല. നമ്മൾ മനുഷ്യരും ഇങ്ങനെ തന്നെ. നമ്മൾ ഓരോരുത്തരും അനേകജന്മങ്ങളായി ഏതോ ചില ചക്കുകളിൽ കെട്ടിയിട്ട് വട്ടം കറക്കിയവരാണ്. അങ്ങനെ കറങ്ങിക്കറങ്ങി നേരെ പോകാനുള്ള വെളിവ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ആ വെളിവ് കൊണ്ടുവരിക ക്ഷിപ്രസാധ്യമല്ല.

അർത്ഥശൂന്യമായ പാരമ്പര്യ നിയമങ്ങൾ, കീഴ്വഴക്കങ്ങൾ, അനാചാരാനുഷ്ഠാനങ്ങൾ, രാജസഭക്തിയുടെ ആഡംബര പ്രകടനങ്ങൾ, താമസഭക്തിയുടെ ക്രൂരകർമ്മാനുഷ്ഠാനങ്ങൾ തുടങ്ങി നിരവധി ചക്കുകുറ്റികളിൽ കെട്ടപ്പെട്ടു കിടന്നവരായ നമ്മളെ അതിൽ നിന്നും മോചനപ്പെടുത്തി നേരെ നടത്താൻ ശ്രമിച്ചാൽ നമുക്ക് നടക്കാൻ കഴിയുമോ? നമ്മൾ സാമൂഹികമായി ഉന്നത നിലവാരത്തിലുള്ളവരായിരിക്കാം. ശാസ്ത്രപണ്ഡിതനായിരിക്കാം. അല്ലെങ്കിൽ ആത്മീയ പണ്ഡിതനായിരിക്കാം. എന്തൊക്കെയായാണോ ലോകം മാനിക്കുന്നത് അതൊക്കെയാണ് നമ്മളെന്ന് വാദത്തിനു സമ്മതിച്ചാലും കബീർദാസ് പറഞ്ഞതുപോലെ 'ചീത്ത മനുഷ്യരെ അന്വേഷിച്ച് ഞാൻ എല്ലായിടത്തും നടന്നു, ആരെയും ചീത്തയായി കണ്ടെത്താനായില്ല. എന്നാൽ എന്റെ ഉള്ളിലേക്ക് ഞാൻ അന്വേഷിച്ചു. അപ്പോൾ മനസിലായി, എന്നെക്കാൾ ചീത്തയായി വേറെയാരുമില്ലെന്ന്'. അങ്ങനെ ഓരോരുത്തരും അവരവരുടെ ഉള്ളിലേക്ക് നോക്കി സത്യസന്ധമായി വിലയിരുത്തുമ്പോൾ അറിയാം, ഉന്നതർ ഉന്നതരല്ലെന്ന്. അതാണ് തിരുവള്ളുവർ ചുരുങ്ങിയ വാക്കിൽ പറയുന്നത്

'മേലിരുന്തും മേലല്ലാർ മേലല്ലാർ
കീഴിരുന്തും കീഴല്ലാർ കീഴല്ല അവർ'

എത്ര ഉന്നതസ്ഥാനത്തെത്തിയാലും ജീവൻ കൊണ്ട് ഉയർച്ച പ്രാപിക്കാത്തവർ ഉയർന്നവരല്ല. എത്ര താഴ്ന്ന നിലവാരത്തിലുള്ളവരാണെങ്കിലും യഥാർത്ഥത്തിൽ അവർ താഴ്ന്നവരല്ല. എന്തെന്നാൽ അവർ ഉയർന്നവരാണ്.

ഇതെങ്ങനെ തിരിച്ചറിയാം? അവരുടെ പ്രവർത്തികൊണ്ട് തിരിച്ചറിയാം. വിനയവും സഹിഷ്ണുതയും അനുകമ്പയും മഹത്വം വിളിച്ചറിയിക്കുന്നു.

ഒരാൾ മുമ്പ് എന്തായിരുന്നു എന്നതല്ല പ്രധാനം. ഇപ്പോൾ എന്തായി മാറി എന്നതാണ് ശ്രദ്ധിക്കേണ്ടത്. എന്തു പറഞ്ഞു എന്നു നോക്കിയാൽ മതി, ആരു പറഞ്ഞു എന്നതല്ല മുഖ്യം എന്നൊരു പറച്ചിലുണ്ട്. അത് ശരിയല്ല. എന്തുപറഞ്ഞു, അത് ആരു പറഞ്ഞു എന്നതിൽ പ്രാധാന്യമുണ്ട്.

ഭക്തി ഊർജ്ജമാണ്. ആ ഊർജ്ജം കിട്ടുന്നത് പ്രാർത്ഥന എന്ന ആഹാരത്തിലൂടെയാണ്. അല്ലാതെ ഭക്തി *അഡിക്ഷൻ* എന്ന അടിമത്തമല്ല. എല്ലാ അടിമത്തത്തിൽ നിന്നും മോചനം നല്കുന്നതാവണം ഭക്തി. അങ്ങനെയാകണമെങ്കിൽ എല്ലാ അടിമത്തത്തിൽ നിന്നും മോചനപ്പെട്ടതിനോടാവണം ഭക്തി. അതാണ് പരമോന്നതം. പരംപൊരുൾ എന്ന് പലതായി സ്തുതിക്കുന്ന ഒന്ന്. അതു രണ്ടില്ല.

# ശാന്തിഗിരി കുടുംബയോഗത്തിലെ പ്രത്യേക ആദരവുകൾ...



നവതിയിലെത്തിയ കെ. ചെല്ലമ്മ അമ്മ




ശതാഭിഷിക്തൻ എം.കെ. ഭാസ്കരൻ



സപ്തതിയിലെത്തിയ എസ്. ലീലാമ്മ



സപ്തതിയിലെത്തിയ സരസമ്മ അമ്മ



ഷഷ്ഠിപൂർത്തിയിലെത്തിയ പി.വി. കമലാദേവി



സപ്തതിയിലെത്തിയ പി.റ്റി. സുഗതൻ



സപ്തതിയിലെത്തിയ കെ.ആർ. തങ്കപ്പൻ

# ശാന്തിഗിരി കുടുംബയോഗത്തിലെ പ്രത്യേക ആദരവുകൾ...



അന്നപുഷ്പം-തിരുവെങ്കിടാചലം ദമ്പതിമാർ



സപ്തതി പിന്നിട്ട കെ. അരുന്ധതി



സപ്തതിയിലെത്തിയ എ.സി. പത്മാവതി അമ്മ



ശതാഭിഷിക്തയാകുന്ന പൊന്നമ്മ അമ്മ



സപ്തതിയിലെത്തിയ സി. പത്മിനി അമ്മ



ഷഷ്ഠിപൂർത്തിയിലെത്തിയ ആർ. സാം



ഷഷ്ഠിപൂർത്തിയിലെത്തിയ എൻ. ചന്ദ്രൻപിള്ള




കല്ലാർ കൃഷ്ണൻകുട്ടിയുടെ കവിതാസമാഹാരം
'കരുണാർദ്രം' സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പ്രകാശനം ചെയ്യുന്നു

**അടുത്ത ഒരു വർഷത്തെ ഉമ്മിണിത്തങ്കത്തിൽ കുടുംബസന്ദർശനം, കുടുംബയോഗം തുടങ്ങിയ കുടുംബചിത്രങ്ങൾ തുടർന്ന് പ്രസിദ്ധീകരിക്കുന്നതാണ്.**

# പ്രാർത്ഥനയുടെ നിറവിൽ വിളവെടുപ്പ് കർമ്മം

**കോലിയക്കോട്:** പൂജിതപീഠം സമർപ്പണാഘോഷത്തിന്റെ ഭാഗമായി ജി. പ്രഭാകരൻ ആശ്രമത്തിലേക്ക് സമർപ്പിച്ച മരച്ചീനി കമ്മ്യൂണിറ്റി കിച്ചൺ സ്റ്റാഫംഗങ്ങളുടെയും നേതൃത്വത്തിൽ പ്രാർത്ഥനയുടെ നിറവിൽ വിളവെടുത്തു. ഫെബ്രുവരി 4 ന് നടന്ന വിളവെടുപ്പ് കർമ്മത്തിന് ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാന തപസ്വി പ്രാർത്ഥനാപൂർവം തുടക്കം കുറിച്ചു. ആത്മബന്ധുക്കളും അഭ്യുദയകാംക്ഷികളും പങ്കുചേർന്നു നടത്തിയ ചടങ്ങിൽ ദിഗ്‌വിജയം സ



*വിളവെടുപ്പ് കർമ്മത്തിൽ നിന്ന്*

തീശൻ 'കൃഷിയും അനുബന്ധ നാട്ടറിവുകളും' എന്ന വിഷയത്തെക്കുറിച്ചും എസ്.പി. ജയകുമാർ 'കായ്ഫലങ്ങളും മനുഷ്യനും' എന്ന വിഷയത്തെക്കുറിച്ചും സംസാരിച്ചു.

# ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിവിഷൻ രൂപീകൃതമായി

**സ്പിരിച്വൽ സോൺ:** ഹ്യൂമൻ റിസോഴ്സസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള വെൽഫെയർ ഡിവിഷന്റെ പേര് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ഡിവിഷൻ എന്ന് മാറ്റി. പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുകയും ചെയ്തു. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ കാലങ്ങളായി വെൽഫെയർ ഡിവിഷൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില ക്ഷേമപ്രവർത്തനങ്ങളിൽ ഒതുങ്ങി നിന്നായിരുന്നു നാളിതു വരെ ഈ ഡിവിഷന്റെ പ്രവർത്തനം. എന്നാൽ പുതിയ ഡിവിഷന്റെ കീഴിൽ വീടില്ലാത്തവർക്ക് വീട് വച്ചു നല്കുന്ന പദ്ധതിയായ വാസശ്രീ, നിർദ്ധനരായ യുവതികളെ മംഗല്യവതികളാക്കുക എന്ന ഉദ്ദേശ്യത്തോടെ മംഗല്യശ്രീ, ക്ഷേമകാര്യങ്ങൾക്കായി സ്റ്റാഫ് വെൽഫെയർ എന്നീ മൂന്ന് സെക്ഷനുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ജനനി മംഗള ജ്ഞാനതപസ്വിനിക്കാണ് മംഗല്യശ്രീ പദ്ധതിയുടെ ചുമതല. വാസശ്രീ നടത്തിപ്പിലേക്കായി എക്സിക്യൂഷൻ കമ്മിറ്റി രൂപീകൃതമായിട്ടുണ്ട്. പ്രത്യേക ഓഫീസും സജ്ജീകരിച്ചു. ആത്മബന്ധുക്കളുടെ ആത്മീയവും ഭൗതികവുമായ സമഗ്ര ഉന്നമനം എന്ന ഗുരുസങ്കല്പത്തെ പൂർണ്ണതയിൽ എത്തിക്കുന്നതിലേക്കുള്ള നിർണ്ണായകമായ ഒരു ചുവടുവയ്പായാണ് ഇത് വിലയിരുത്തപ്പെടുന്നത്.




*വിദ്യാഭവനിൽ ആരംഭിച്ച മാതൃഭൂമി സീഡ് നക്ഷത്രവനം*

# നക്ഷത്രവനം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യഭവനിൽ *മാതൃഭൂമി* സീഡ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നക്ഷത്രവനം പദ്ധതിക്ക് തുടക്കമായി. വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൻ ജി. കലാകുമാരി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, എം പി പ്രമോദ്, സീഡ് കോഡിനേറ്റർ ബിന്ദു എം.പി., സഹീറത്ത് ബീവി, ഷൈജു കെ. മാലൂർ തുടങ്ങിയവർ സംബന്ധിച്ചു. ഇതിന്റെ ഭാഗമായി ജന്മനക്ഷത്ര വൃക്ഷങ്ങൾ സ്കൂൾ പരിസരത്ത് നട്ടുപിടിപ്പിക്കും.



*വിദ്യാഭവനിലെ വായനോത്സവം പരിപാടിയിൽ നിന്ന്*

# ശാന്തിഗിരി വിദ്യാഭവനിൽ വായനോത്സവം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വായനോത്സവം ആരംഭിച്ചു. മികച്ച പുസ്തകങ്ങൾ നന്നായി വായിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് മത്സരം നടത്തി വിജയികളെ പ്രഖ്യാപിക്കുന്ന പരിപാടിയാണ് വായനോത്സവം. കുട്ടികളിൽ വായനാശീലം വളർത്തുന്നത് ലക്ഷ്യമിടുന്ന ഈ പരിപാടിയിൽ ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾ പങ്കാളികളാണ്.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലാണ് വായനാമത്സരം നടക്കുന്നത്. ഇതിനായി പ്രത്യേക ജഡ്ജിംഗ് പാനലിനെയും നിയോഗിച്ചിട്ടുണ്ട്. ഫെബ്രുവരിയിൽ രണ്ടാം വാരത്തോടെ വായനോത്സവം സമാപിക്കും.

## ബി. എൽ. എസ് പ്രോഗ്രാം

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ജനുവരി 31 ബുധനാഴ്ച അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ ബെയ്സിക് ലൈഫ് സപ്പോർട്ട് സർട്ടിഫിക്കേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവീസസിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി നടത്തിയത്. മാർച്ച് 9 ന് വീണ്ടും നടത്തുന്ന പ്രോഗ്രാമിൽ ചേരാൻ താല്പര്യമുള്ളവർ ഫെബ്രുവരി 25 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.

# ശാന്തിഗിരി വിദ്യാഭവനിൽ 'ബഷീറിയം' വര, ഓർമ്മ, വർത്തമാനം ഫെബ്രുവരി 12 ന്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന്റെ ആഭിമുഖ്യത്തിൽ 'ബഷീറിയം വര ഓർമ്മ വർത്തമാനം' ഫെബ്രുവരി 12 ന് പ്രശസ്ത സാഹിത്യകാരനും ഈ വർഷത്തെ ബഷീർ പുരസ്കാര ജേതാവുമായ ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യും.

എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി തുടങ്ങിയവർ പങ്കെടുക്കും. ബേപ്പൂർ സുൽത്താൻ വൈക്കം മുഹമ്മദ് ബഷീറിന്റെ കഥകളിലെ അസുലഭ മുഹൂർത്തങ്ങൾക്ക് കുട്ടികൾ ചിത്രാവിഷ്കാരം നല്കും. പരിപാടികൾക്ക് ഷൈജു കെ. മാലൂർ, ബിന്ദു എം.പി. തുടങ്ങിയ അദ്ധ്യാപകരാണ് നേതൃത്വം നല്കുന്നത്.



*തിരുവനന്തപുരം ഏരിയ ഓഫീസ് മന്ദിരം ഉദ്ഘാടനം*

# ഏരിയ ഓഫീസ് പുതിയ കെട്ടിടത്തിൽ

**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയ ഓഫീസ് (സിറ്റി) പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റി.

വഴുതയ്ക്കാട് ചിന്മയ സ്കൂളിനു സമീപം പ്രിയം ബിൽഡിംഗിലാണ് പുതിയ ഓഫീസ്. ഓഫീസ് മന്ദിരത്തിന്റെ ഉദ്ഘാടനം വി.എസ്. ശിവകുമാർ എം.എൽ.എ നിർവഹിച്ചു. സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, എസ് കുമാർ, സുരേഷ് റ്റി. തമ്പി, എസ്. സേതുനാഥ്, വി. മുരുകൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

# ആശ്രമം ബ്രാഞ്ചസ് മോണിറ്ററിംഗ്

**സ്പിരിച്വൽ സോൺ:** ജനുവരി 29 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം ആശ്രമം ബ്രാഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓർഗനൈസിംഗ് സെക്രട്ടറിയുടെ ഓഫീസിനു കീഴിൽ ആശ്രമം ബ്രാഞ്ചസ് മോണിറ്ററിംഗ് ഡിവിഷൻ രൂപീകരിച്ചു. ബ്രാഞ്ചാശ്രമങ്ങളുടെ റിപ്പോർട്ട് എല്ലാ മാസവും ഡയറക്ടർ ബോർഡിൽ അവതരിപ്പിക്കേണ്ടതാണ്.

# ദിവംഗതരായി



*ഡി. വിശ്വംഭരൻ*



*എൻ. സരസമ്മ*

**പത്തനംതിട്ട:** കടമ്പനാട് നോർത്ത് വിജയഭവനത്തിൽ ഡി. വിശ്വംഭരൻ (72) ഫെബ്രുവരി 6 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: സനന്ദിനി എസ്. മക്കൾ: വിജയൻ വി., അജി. വി. മരുമക്കൾ: ദീപ സി., അനുമോൾ കെ.എസ്. ദിവംഗതനാകുന്നതിന്റെ തലേദിവസം ആശ്രമത്തിലെ കുടുംബയോഗത്തിൽ പങ്കെടുത്ത് ആദരവേറ്റുവാങ്ങിയിരുന്നു.

**കല്ലാർ (ഇടുക്കി):** ആശ്രമം ഡയറക്ടർ സ്വാമി മഹിതൻ ജ്ഞാനതപസ്വിയുടെ സഹോദരി ചോറ്റുപാറ ചരുവിള പുത്തൻവീട്ടിൽ എൻ. സരസമ്മ (65) ഫെബ്രുവരി 6 ന് ദിവംഗതയായി. സംസ്കാരം നടന്നു.

മറ്റു സഹോദരങ്ങൾ: രാധമ്മ എൻ. ശശീന്ദ്രൻ നായർ എൻ., രാജൻ സി.എൻ., രാധാകൃഷ്ണൻ എൻ.

# കന്യാകുമാരി തീർത്ഥയാത്രാ വാർഷികം ചൊവ്വാഴ്ച

**കന്യാകുമാരി:** 1996 ഫെബ്രുവരി 13 ന് നടന്ന ഗുരുവിന്റെ കന്യാകുമാരി സന്ദർശനത്തിന്റെ വാർഷികം ഫെബ്രുവരി 13 ന് തീർത്ഥയാത്രാ വാർഷികമായി ഭക്ത്യാദരപൂർവം ആഘോഷിക്കും. ആത്മസൂരികളുടെ തപോബലം ഘനീഭവിച്ചിരിക്കുന്ന പുണ്യഭൂമിയിൽ ഗുരു എത്തിയതിന്റെ സ്മരണയുണർത്തുന്ന സുദിനം ആ ദേശത്തിനും ദേശവാസികൾക്കും എന്നല്ല സകലർക്കും നന്മയും ഐശ്വര്യവും പ്രദാനം ചെയ്യുന്ന പുണ്യദിനമാണ്. 13 ന് രാവിലെ ആറ് മണിക്ക് ശാന്തിഗിരി ആശ്രമം കന്യാകുമാരി ബ്രാഞ്ചിൽ ആരാധനയ്ക്കും പുഷ്പസമർപ്പണത്തിനും ശേഷം 6.45 ന് ജനനി അഭയ ജ്ഞാനതപസ്വിനി, സ്വാമി മുക്തചിത്തൻ ജ്ഞാനതപസ്വി എന്നിവരുടെ നേതൃത്വത്തിൽ തീർത്ഥയാത്രാ സംഘം പുറപ്പെടും. ഏഴ് മണിയോടെ ത്രിവേണി സംഗമത്തിൽ ഗുരു പ്രഭാഷണം ചെയ്ത സ്ഥലത്ത് പ്രാർത്ഥനയും സങ്കല്പവും നടക്കും. തുടർന്ന് ആശ്രമത്തിലേക്ക് തിരിക്കുന്ന തീർത്ഥയാത്രാ സംഘം ഒൻപതരയോടെ നെയ്യാറ്റിൻകര അയിരയിലുള്ള ഹർഷ നിവാസ് എന്ന ഭവനം (യാത്രാവേളയിൽ ഗുരു വിശ്രമിച്ച ഭവനം) സന്ദർശിച്ചശേഷം തീർത്ഥയാത്രാ സമ്മേളനം നടക്കുന്ന കൊറ്റാമം 'ശ്രീ' ഓഡിറ്റോറിയത്തിൽ എത്തിച്ചേരും. 11 മണിക്ക് കെ. ആൻസലൻ എം.എൽ.എ. തീർത്ഥയാത്രാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. പാറശാല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ സി.കെ. ഹരീന്ദ്രൻ എം.എൽ.എ, ബിഷപ് ഡോ. വിൻസെന്റ് സാമുവൽ, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി തുടങ്ങിയവർ പങ്കെടുക്കും. സമ്മേളനത്തിനു മുന്നോടിയായി നടക്കുന്ന 'കാരുണ്യം' സൗജന്യ മെഡിക്കൽ ക്യാമ്പ് പാറശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. ആർ. സലൂജ ഉദ്ഘാടനം ചെയ്യും. 2.30 ന് തിരിക്കുന്ന തീർത്ഥയാത്രാ സംഘം വൈകുന്നേരം 5.30 ന് ആശ്രമത്തിൽ എത്തിച്ചേരും.



*വള്ള്യായി ബ്രാഞ്ച് ആശ്രമം വാർഷികത്തിൽ നിന്ന്*

## പ്രതിഷ്ഠാ വാർഷികം ആഘോഷിച്ചു

**സ്പിരിച്വൽ സോൺ:** ആശ്രമത്തിൽ പ്രതിഷ്ഠാവാർഷികം ഫെബ്രുവരി 10 ന് പ്രാർത്ഥനാസങ്കല്പങ്ങളോടെ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. വൈകുന്നേരം സന്ന്യാസിസന്ന്യാസിമാരുടെ ദീപം പ്രദക്ഷിണം ഉണ്ടായിരുന്നു. 1989 ഫെബ്രുവരി 10 ന് രാവിലെ 3 മണിക്ക് പ്രാർത്ഥനാലയത്തിൽ ഗുരു പ്രതിഷ്ഠാകർമ്മം നിർവഹിച്ചതിന്റെ അനുസ്മരണമാണ് പ്രതിഷ്ഠാ വാർഷികമായി ആഘോഷിക്കുന്നത്.

1986 ഒക്ടോബർ 20 ഉച്ചക്ക് 12 നാണ് പ്രാർത്ഥനാലയത്തിന്റെ ശിലാസ്ഥാപനം ഗുരുവിന്റെ തൃക്കരങ്ങളാൽ നടന്നത്.



*തിരുവനന്തപുരം ഏരിയ സമ്മേളനം*

## തിരുവനന്തപുരം ഏരിയ പൂജിതപീഠം സമ്മേളനം നടന്നു

**തിരുവനന്തപുരം:** ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയ (സിറ്റി) യുടെ പൂജിതപീഠം സമ്മേളനം ഫെബ്രുവരി നാലിന് ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്തു. ആദ്യ സന്ദർശനത്തിൽ തന്നെ തന്റെ മനസിലുള്ളത് ഗുരു മനസിലാക്കിയതും അന്നത്തെ തന്റെ അനുഭവം ഇന്നും ആശ്രമം സന്ദർശിക്കുമ്പോൾ അതേപോലെ നിലനില്ക്കുന്നതും ഡോ. ഓണക്കൂർ പങ്കുവച്ചു. സ്വാമി നവനന്മ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, എസ്. സുരേഷ്, കെ. ഷോഫി, എസ്. കുമാർ, സുരേഷ് റ്റി. തമ്പി, എസ്. സേതുനാഥ്, കെ. സരസ്വതി അമ്മാൾ, എസ്.ഷിനു, മീനാക്ഷി മധുപാൽ തുടങ്ങിയവർ പങ്കെടുത്തു.

## ആറ്റിങ്ങൽ ഏരിയ സമ്മേളനം ഇന്ന്

**ആറ്റിങ്ങൽ:** പൂജിതപീഠം സമർപ്പണം ആഘോഷത്തിനു മുന്നോടിയായി നടക്കുന്ന ആറ്റിങ്ങൽ ഏരിയ സമ്മേളനം ഇന്ന് രാവിലെ 11 മണിക്ക് നടക്കും. വലിയകുന്ന് അമൃത ആയുർവേദ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ നടക്കുന്ന സമ്മേളനം ആറ്റിങ്ങൽ നഗരസഭ ചെയർമാൻ എം. പ്രദീപ് ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി ആശ്രമം ഡയറക്ടർ (ടെക്നിക്കൽ) സ്വാമി നവനന്മ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിക്കും. സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി, എസ്. ലെനിൻ, പി. ഉണ്ണികൃഷ്ണൻ, തോട്ടയ്ക്കാട് ശശി എന്നിവർ പങ്കെടുക്കും.

## സ്ഥാനക്കയറ്റം നല്കി



*ഷാജി റ്റി.എസ്*



*ഗോപിനാഥൻ കെ.റ്റി.*



*സഹദേവൻ എൻ*



*അനിൽ റ്റി.പി.*



*ഡോ. അരുണ രാമാനുജം*



*മുരളീധരൻ പി.കെ*



*ഉല്ലാസ് ബി*



*സജീവ് ചന്ദ്രൻ ബി.എസ്.*



*മോഹൻദാസ് പി.വി.*

**സ്പിരിച്വൽ സോൺ :** ഫെബ്രുവരി 5 ന് ചേർന്ന ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം താഴെ പറയുന്നവർക്ക് സ്ഥാനക്കയറ്റം നല്കി. (പേര്, പുതിയ സ്ഥാനം എന്ന ക്രമത്തിൽ)

**ഷാജി റ്റി.എസ് –** അഡീഷണൽ ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹെൽത്ത്കെയർ പ്രോഡക്റ്റ്സ്

**അനിൽ റ്റി.പി.-** ഡെപ്യൂട്ടി ജനറൽ മാനേജർ (അഡ്മിനിസ്ട്രേഷൻ) മെറ്റീരിയൽസ് മാനേജ്മെന്റ്

**ഡോ. അരുണ രാമാനുജം-** ഡെപ്യൂട്ടി ജനറൽ മാനേജർ ക്വാളിറ്റി അഷുറൻസ്)

**ഗോപിനാഥൻ കെ.റ്റി.-** ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോഡക്റ്റ്സ് കൺട്രോൾ) ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല

**സഹദേവൻ എൻ-** അസിസ്റ്റന്റ് അഡൈ്വസർ, ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല

**സജീവ് ചന്ദ്രൻ ബി.എസ്.-** അസിസ്റ്റന്റ് ജനറൽ മാനേജർ (പ്രൊഡക്ഷൻ) ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാല

**ഉല്ലാസ് ബി-** അസിസ്റ്റന്റ് ജനറൽ മാനേജർ (പർച്ചേസ്)

**മുരളീധരൻ പി.കെ-** അസിസ്റ്റന്റ് ജനറൽ മാനേജർ (വെയർഹൗസ്)

**മോഹൻദാസ് പി.വി.-** അസിസ്റ്റന്റ് ജനറൽ മാനേജർ (പർച്ചേസ്)

**മറ്റു സ്റ്റാഫ് അംഗങ്ങളുടെ സ്ഥാനക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അതാത് ഡിപ്പാർട്ടുമെന്റിൽ നിന്നും അറിയിക്കുന്നതാണ്.**

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini Editor: T. Sasimohan Senior Co-ordinating Editor: Anil Cherthala